എ.വൈ.ആർ

സൂറഃ-9

# അത്തൗബ

۞ إِنَّمَا ٱلصَّدَقَٰتُ لِلْفُقَرَآءِ وَٱلْمَسَٰكِينِ وَٱلْعَٰمِلِينَ عَلَيْهَا وَٱلْمُؤَلَّفَةِ
قُلُوبُهُمْ وَفِى ٱلرِّقَابِ وَٱلْغَٰرِمِينَ وَفِى سَبِيلِ ٱللَّهِ وَٱبْنِ ٱلسَّبِيلِ ۖ فَرِيضَةً
مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٦٠﴾

**60.** സകാത്തു മുതലുകൾ വാസ്തവത്തിൽ പാവങ്ങൾക്കും അഗതികൾക്കും സകാത്തു ജോലിക്കാർക്കും മനസ്സിണക്കപ്പെടുന്നവർക്കും അടിമമോചനത്തിനും കടക്കാരെ സഹായിക്കുന്നതിനും ദൈവികമാർഗത്തിനും സഞ്ചാരികളെ സഹായിക്കുന്നതിനും മാത്രമുള്ളതാകുന്നു. ഇത് അല്ലാഹുവിങ്കൽനിന്നുള്ള നിശ്ചയമാകുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമല്ലോ.

إِنَّمَا ٱلصَّدَقَٰتُ= തീർച്ചയായും ദാനധർമങ്ങൾ(സകാത്തു മുതലുകൾ) لِلْفُقَرَآءِ= പാവങ്ങൾക്കും وَٱلْمَسَٰكِينِ= അഗതികൾക്കും

وَٱلْعَٰمِلِينَ عَلَيْهَا= അതിന്മേൽ പ്രവർത്തിക്കുന്നവർക്കും(സകാത്തു ജോലിക്കാർക്കും) وَٱلْمُؤَلَّفَةِ قُلُوبُهُمْ= മനസ്സിണക്കപ്പെടുന്നവർക്കും

وَفِى ٱلرِّقَابِ= പിരടികളിലും(അടിമമോചനത്തിനും) وَٱلْغَٰرِمِينَ= കടക്കാരിലും(രെ സഹായിക്കുന്നതിനും)

وَفِى سَبِيلِ ٱللَّهِ= ദൈവിക മാർഗത്തിനും(ലെ പ്രവർത്തനങ്ങൾക്കും) وَٱبْنِ ٱلسَّبِيلِ ۖ= സഞ്ചാരികളിലും(ളെ സഹായിക്കുന്നതിനും)

فَرِيضَةً مِّنَ ٱللَّهِ ۗ= അല്ലാഹുവിങ്കൽനിന്ന് നിശ്ചയിക്കപ്പെട്ടതായ നിലയിൽ(ഇത് അല്ലാഹുവിങ്കൽനിന്നുള്ള നിശ്ചയമാകുന്നു)

وَٱللَّهُ عَلِيمٌ= അല്ലാഹു എല്ലാം അറിയുന്നവനും حَكِيمٌ= യുക്തിമാനുമല്ലോ

**60:** നേരത്തെ 58-ാം സൂക്തത്തിൽ പറഞ്ഞ ٱلصَّدَقَٰتِ-ൽ സകാത്തും അല്ലാത്തതുമായ ദാനധർമങ്ങൾ ഉൾപ്പെടുമെങ്കിലും ഈ സൂക്തത്തിലെ ٱلصَّدَقَٰتُ-ന്റെ വിവക്ഷ സകാത്തു മുതലുകൾ മാത്രമാണെന്നതിൽ ഇസ്‌ലാമിക പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാകുന്നു. സകാത്തല്ലാത്ത ദാനധർമങ്ങളുടെ ഗുണഭോക്താക്കൾ ഈ സൂക്തത്തിൽ പരാമർശിക്കപ്പെടുന്ന വിഭാഗങ്ങളിൽ പരിമിതമല്ലെന്ന് മറ്റു പ്രമാണങ്ങളിൽ നിന്ന് വ്യക്തമാണ്. പ്രവാചകൻ ധർമമുതലുകൾ വിതരണം ചെയ്യുന്ന രീതിയെ കപടവിശ്വാസികൾ വിമർശിക്കുന്നുണ്ടെന്നും അതിനവരെ പ്രേരിപ്പിക്കുന്നത് ആ മുതലിൽ അവർക്കുള്ള ആർത്തിയാണെന്നും നേരത്തെ സൂചിപ്പിച്ചുവല്ലോ. അങ്ങനെ ആർത്തികാണിക്കുന്ന അക്കൂട്ടർക്ക് വാസ്തവത്തിൽ സകാത്തു മുതലുകളിൽ അവകാശമില്ലെന്നും അതിന്റെ യഥാർഥ അവകാശികളാരാണെന്നും വ്യക്തമാക്കുകയാണീ സൂക്തം. വാക്യാരംഭത്തിലെ إِنَّمَا എന്ന പദം, സകാത്തിന്റെ അവകാശം തുടർന്ന് പറയുന്ന വിഭാഗങ്ങൾക്കു മാത്രമാണെന്നും മറ്റാർക്കും അതിൽ യാതൊരു അവകാശവുമില്ലെന്നും ഉള്ള അർഥത്തെ ഉൽപാദിപ്പിക്കുന്ന പദമാണ്. സകാത്തിന്റെ അവകാശികളായി നിർണയിക്കപ്പെട്ടവർ:

i-ii. ഫഖീറുകളും മിസ്കീനുകളും. فقير-مسكين എന്നീ പദങ്ങൾ പര്യായങ്ങളായി ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് ഈ

രണ്ടു വിഭാഗവും യഥാർഥത്തിൽ ഒന്നുതന്നെ എന്ന് ഇമാം അബൂയൂസുഫും ഇമാം മുഹമ്മദും പ്രസ്താവിച്ചിരിക്കുന്നു. രണ്ടുകൂട്ടരും നിത്യജീവിതത്തിന്റെ ആവശ്യങ്ങൾ നിവർത്തിക്കാൻ മതിയായ സാമ്പത്തിക ശേഷിയില്ലാത്തവരാണ്. എന്നാൽ ഖുർആൻ ഈ രണ്ടു പദങ്ങളും ഉപയോഗിച്ചത് വ്യത്യസ്തമായ രണ്ട് വിഭാഗങ്ങളെ സൂചിപ്പിക്കാനാണെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാർ കരുതുന്നത്. ഉപജീവനത്തിന് പരസഹായം ആവശ്യമുള്ള ദരിദ്രരാണ് فقير. യാചകർ, അനാഥർ, വിധവകൾ, തൊഴിൽ രഹിതർ, അത്യാഹിതങ്ങൾക്കിരയായവർ, അംഗവൈകല്യത്താൽ അവശരായവർ തുടങ്ങിയവരൊക്കെ ഈ വിഭാഗത്തിൽ പെടുന്നു. പരാധീനതകളുണ്ടെങ്കിലും അതു പുറത്തുകാണിക്കാതെയും പരസഹായം തേടാതെയും അടങ്ങിക്കഴിയുന്ന ദരിദ്രരാണ് مساكين. അതായത്, പ്രകടമായ ദാരിദ്ര്യമുള്ളവർ فقراءഉം ദാരിദ്ര്യം പുറത്തുകാണിക്കാത്തവർ مساكينഉം. കൂടുതൽ കഷ്ടപ്പെടുന്നവരാണ് ഫുഖറാഅ്. ചില പണ്ഡിതന്മാർ നേരെ മറിച്ചും അർഥം കൽപിക്കുന്നുണ്ട്. അതായത് സാധാരണ ദരിദ്രരാണ് ഫുഖറാഅ്. തീരെ ഗതികെട്ടവർ മസാകീൻ.

ഖുർആൻ രണ്ടു പദങ്ങളും ഒന്നിച്ചുപയോഗിച്ചത് ദരിദ്രവിഭാഗത്തെ മുഴുവൻ ഉൾക്കൊള്ളുന്നതിനുവേണ്ടിയാണെന്ന് മനസ്സിലാക്കാവുന്നതാണ്. അതായത്, ദാരിദ്ര്യമനുഭവിക്കുന്നവരായി പ്രത്യക്ഷത്തിൽ കാണപ്പെടുന്നവരും, ദാരിദ്ര്യം മറച്ചുപിടിച്ച് ഞെരുങ്ങിക്കഴിയുന്നവരും സകാത്തിന്റെ പ്രഥമാവകാശികളാകുന്നു. രണ്ടു കൂട്ടരിൽ ആർക്കു കൊടുത്താലും സകാത്തു സാധുവാകും. രണ്ടും രണ്ടു വിഭാഗമാണെന്ന വാദപ്രകാരം രണ്ടു തട്ടിലുംപെട്ട ദരിദ്രർ ഉള്ള സാഹചര്യത്തിൽ രണ്ടു കൂട്ടർക്കും കൊടുക്കേണ്ടതു നിർബന്ധമാകുന്നു. വഖ്ഫിന്റെയും വസിയ്യത്തിന്റെയും കാര്യത്തിൽ ഫുഖറാഉം മസാകീനും ഒന്നാണോ രണ്ടാണോ എന്ന ചോദ്യം ഏറെ പ്രസക്തമാകുന്നു. ഒരാൾ ഫുഖറാഇന്നും മസാകീനിനും വേണ്ടി വഖ്ഫോ വസിയ്യത്തോ ചെയ്താൽ രണ്ടും രണ്ടുകൂട്ടരാണെന്ന വാദമനുസരിച്ച് രണ്ടു കൂട്ടരെയും വെവ്വേറെ കണ്ടെത്തി നൽകേണ്ടതുണ്ട്. ഒരു കൂട്ടരായി കരുതുന്നവർ ഏതെങ്കിലും ദരിദ്രർക്ക് നൽകിയാൽ മതിയാകും. ഒരാൾ ഇങ്ങനെ 'എ' എന്ന ആൾക്കും ഫുഖറാഇന്നും മസാകീനിനുമായി വസിയ്യത്ത് ചെയ്തുവെന്ന് വെക്കുക. ഫുഖറാഉം മസാകീനും ഒന്നാണെന്ന അഭിപ്രായമനുസരിച്ച് 'എ' എന്നയാൾക്ക് ആ സ്വത്തിന്റെ പകുതി ലഭിക്കുന്നു. പകുതി ദരിദ്രർക്കും ലഭിക്കും. രണ്ടും വ്യത്യസ്തരാണെന്ന വീക്ഷണപ്രകാരം അതിന്റെ മൂന്നിലൊന്ന് 'എ' എന്ന ആൾക്കും മൂന്നിലൊന്ന് ഫുഖറാഇന്നും മൂന്നിലൊന്ന് മസാകീനിനും ലഭിക്കണം.

സകാത്ത് ലഭിക്കാൻ അർഹമായ ദാരിദ്ര്യത്തിന്റെ മാനദണ്ഡം പല പണ്ഡിതന്മാരും പല നിലയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ എല്ലാ കാലത്തേക്കും സാധുവാകുന്ന ഒരു മാനദണ്ഡമില്ല. അതതുകാലത്തെ സാമൂഹിക സാഹചര്യവും പൊതുജീവിത നിലവാരവുമാണ് അത് നിർണയിക്കേണ്ടത്. ഒരാൾക്ക് ഒരു വീടുണ്ടാകുന്നതോ പരിചാരകനുണ്ടാകുന്നതോ അയാളെ സകാത്തിന് അനർഹനാക്കുകയില്ല എന്ന് മധ്യനൂറ്റാണ്ടുകളിലെ പണ്ഡിതന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ സാഹചര്യത്തിൽ പരിചാരകനെ പോറ്റുന്ന ഒരാളെ – അയാൾക്ക് അംഗവൈകല്യമൊന്നുമില്ലെങ്കിൽ– സകാത്ത് അർഹിക്കുന്ന ദരിദ്രനായി കണക്കാക്കുക പ്രയാസമാണ്. എന്നാൽ വാച്ച്, സെൽഫോൺ, മോട്ടോർ ബൈക്ക് തുടങ്ങിയവ ഇക്കാലത്ത് ധനിക-ദരിദ്ര ഭേദമില്ലാതെ സാധാരണ ജീവിതത്തിന്റെ ഭാഗങ്ങളാണ്. അത്തരം വസ്തുക്കളുള്ളവർ സകാത്തിന് അനർഹരാവുകയില്ലെന്നു പറയാം. സകാത്ത് നിർബന്ധമാകുന്ന അളവിൽ (نصاب) കുറഞ്ഞ സമ്പത്തുള്ളവർക്ക് സകാത്ത് സ്വീകരിക്കാം എന്നാണ് ഇമാം അബൂഹനീഫയുടെ നിലപാട്. മാലികീ പണ്ഡിതന്മാരുടെ വീക്ഷണത്തിൽ, ഒരുവർഷത്തെ ജീവിതത്തിനാവശ്യമായ സമ്പത്തിന്റെ ഉടമയല്ലാത്തവരെല്ലാം സകാത്തിനർഹരായ ഫഖീറുകളാണ്. അധ്വാനിക്കാനും സമ്പാദിക്കാനും കഴിവുള്ളവർ സകാത്തു സ്വീകരിക്കുന്നത് നിഷിദ്ധമാണെന്നാണ് ഇമാം ശാഫിഈയും അബൂസൗറും പ്രസ്താവിച്ചിട്ടുള്ളത്. പ്രവാചകനിൽനിന്ന് തിർമിദിയും ദാറഖുത്നിയും ഉദ്ധരിച്ചിട്ടുള്ള പ്രസ്താവനയാണ് അവരുടെ പ്രമാണം: لا تحل الصدقة لغني ولا لذى مرة سوي (സമ്പന്നനും, ആരോഗ്യവും കരുത്തുമുള്ളവനും സകാത്ത് അനുവദനീയമല്ല). ഈ പ്രസ്താവനയുടെ താൽപര്യം പക്ഷേ, ആരോഗ്യവും കരുത്തുമുള്ളവർ അതുപയോഗിച്ച് അധ്വാനിച്ചു സമ്പാദിക്കാതെ സകാത്തും സ്വദഖയും തേടി നടക്കരുത് എന്നാണ്. ആരോഗ്യവും കരുത്തുമുള്ളവർ ഒരിക്കലും സകാത്ത് വാങ്ങരുത് എന്നല്ല. ആരോഗ്യവും കരുത്തുമുള്ളതുകൊണ്ടുമാത്രം ഒരാൾക്ക് തൊഴിൽ ലഭിക്കണമെന്നില്ല. ലഭിച്ച തൊഴിലിൽനിന്നുള്ള വരുമാനം ജീവിതാവശ്യങ്ങൾക്ക് തികയണമെന്നുമില്ല. അങ്ങനെയുള്ളവർക്കൊക്കെ സകാത്ത് അനുവദനീയമാണെന്നത് അനിഷേധ്യമാണ്. സകാത്ത് സ്വീകരിക്കാൻ അർഹത നൽകുന്ന ദാരിദ്ര്യത്തിന്റെ മാനദണ്ഡം, സകാത്തു നൽകാൻ ബാധ്യസ്ഥമാകുന്ന അളവിൽ ധനമില്ലാതിരിക്കുക എന്നതാണെന്ന ഇമാം അബൂഹനീഫയുടെ വീക്ഷണമാണ് കൂട്ടത്തിൽ കൂടുതൽ സ്വീകാര്യമായിതോന്നുന്നത്.

iii. العاملون عليها – സകാത്ത് ശേഖരണ വിതരണ പ്രവർത്തകർ. ഇസ്‌ലാമിക ഭരണക്രമം നിലവിലുള്ള സ്ഥലങ്ങളിൽ സർക്കാറാണ് സകാത്ത് ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല. സകാത്തിന്റെ ശേഖരണ വിതരണ നടപടികൾ സർക്കാർ തലത്തിൽ അഥവാ സംഘടിതമായിട്ടാണ് നടക്കേണ്ടത് എന്നതിന്റെ അനിഷേധ്യമായ തെളിവാണിത്. ഇസ്‌ലാമിക ഭരണക്രമത്തിൽ പള്ളികൾ സംരക്ഷിക്കേണ്ടതും നമസ്കാരത്തിന് ഇമാമുകളെ നിയമിക്കേണ്ടതും സർക്കാറാണ്. പക്ഷേ, ഇസ്‌ലാമിക ഗവൺമെന്റിന്റെ അഭാവം ഒരു സമൂഹത്തിൽ പള്ളി പരിപാലനത്തെയോ സംഘടിത നമസ്കാരത്തെയോ ദുർബലപ്പെടുത്തുന്നില്ല. സമൂഹം അനൗദ്യോഗിക തലത്തിൽ അതിനൊക്കെ സംവിധാനങ്ങളുണ്ടാക്കുന്നുണ്ട്. നമസ്കാരം പോലെതന്നെ സുപ്രധാനമാണ് സകാത്തും. ഖുർആൻ ധാരാളം സ്ഥലങ്ങളിൽ أَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ എന്ന് നമസ്കാരത്തെയും സകാത്തിനെയും ചേർത്താണ് അനുശാസിക്കുന്നത്. പക്ഷേ, നമസ്കാരം സംഘടിതമായി നിർവഹിക്കുന്നതിലുള്ള താൽപര്യം സകാത്ത് സംഘടിതമായി നിർവഹിക്കുന്നതിൽ സമുദായത്തിനില്ല. എന്നല്ല സകാത്ത് സംഘടിതമായി നിർവഹിച്ചുകൂടാ എന്നാണ് ചിലർ വാദിക്കുന്നത്. ഇസ്‌ലാമിക ഗവൺമെന്റ് ഇല്ലാത്തതിന്റെ പേരിൽ നാട്ടിൽ പള്ളി സ്ഥാപിക്കുകയോ വ്യവസ്ഥാപിതമായ ജമാഅത്ത് ഏർപ്പെടുത്തുകയോ ചെയ്തിരുന്നില്ലെങ്കിൽ നമസ്കാരത്തിന്റെ സ്ഥിതി എന്താകുമായിരുന്നുവെന്ന് ആലോചിച്ചു നോക്കുക. അതാണിപ്പോൾ സകാത്തിന്റെ കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സകാത്തിന്റെ ഉദ്ദേശ്യങ്ങൾ സഫലമാകണമെങ്കിൽ അത് സംഘടിതമായി ശേഖരിക്കുകയും വ്യവസ്ഥാപിതമായി വിതരണം നടത്തുകയും വേണം. ഇല്ലെങ്കിൽ അത് തോന്നുന്നവർ തോന്നുന്നവിധം എറിഞ്ഞുകൊടുക്കുന്ന ചില്ലിക്കാശുക

ളായി ചിതറിപ്പോകും. ദാരിദ്ര്യം പ്രോത്സാഹിപ്പിക്കാനല്ലാതെ ജനഹൃദയങ്ങളുടെ സംസ്കരണത്തിനോ ദരിദ്രരുടെ ക്ഷേമത്തിനോ അതുപകരിക്കുകയില്ല. ഇന്ന് സംഘടിതമായി സകാത്തു ശേഖരിക്കാനും വിതരണം ചെയ്യാനും നമ്മുടെ നാട്ടിൽ ചില സംഘടനകൾ ഉത്സാഹിക്കുന്നുണ്ട്. അതിന്റെ ഉത്തമഫലങ്ങൾ സമൂഹത്തിൽ ഉളവായിത്തുടങ്ങിയിരിക്കുന്നു.

സകാത്ത് പ്രവർത്തകർക്ക് ഖുർആൻ നിശ്ചയിച്ച വിഹിതം മൊത്തം സകാത്തു മുതലിന്റെ എട്ടിലൊന്നാണ്. പ്രവർത്തകർ സ്വന്തം നിലയിൽ സകാത്തുകൊടുക്കാൻ ബാധ്യസ്ഥരാണെങ്കിലും തങ്ങളുടെ ജോലിയുടെ പ്രതിഫലം സകാത്തു മുതലിൽനിന്ന് സ്വീകരിക്കാവുന്നതാണ്. ന്യായമായ പ്രതിഫലം എട്ടിലൊന്നിൽ ഒതുങ്ങുന്നില്ലെങ്കിൽ അധികം വരുന്നത് പൊതുഖജനാവ്-ബൈതുൽമാൽ- വഹിക്കണമെന്നാണ് ഇമാം ശാഫിഈയും മുജാഹിദും പറഞ്ഞിട്ടുള്ളത്. സകാത്ത് ജോലിക്കാർക്ക് അർഹിക്കുന്ന ന്യായമായ പ്രതിഫലം തന്നെ ലഭിക്കണമെന്നും അതിനുവേണ്ടി ശേഖരിക്കപ്പെട്ട സകാത്തിന്റെ പകുതിവരെ കൊടുക്കാമെന്നുമാണ് ഇമാം അബൂഹനീഫയുടെ വീക്ഷണം. പ്രവർത്തകരുടെ വേതനം പൂർണമായും പൊതുഖജനാവ്-ബൈതുൽമാൽ- നൽകണമെന്ന മൂന്നാമത്തെ അഭിപ്രായം ബാലിശമായി തള്ളപ്പെട്ടിരിക്കുന്നു.

സകാത്ത് പ്രവർത്തകർ അർഹിക്കുന്ന വേതനം എത്രയെന്ന് കണക്കാക്കേണ്ടത് സർക്കാറാണ്. അനൗദ്യോഗിക സംഘങ്ങൾ സ്വയം സന്നദ്ധരായി സകാത്ത് പ്രവർത്തനത്തിലേർപ്പെടുമ്പോൾ ഈ വിഹിതം എടുക്കാതിരിക്കുന്നതാണ് ഏറെ നല്ലത്. എടുക്കുകയാണെങ്കിൽ ഇമാം ശാഫിഈ നിർദേശിച്ചതുപോലെ എട്ടിലൊന്നിൽ കൂടാൻ പാടില്ല. കാരണം ഖുർആൻ അത്രയേ അവർക്കു നിശ്ചയിച്ചിട്ടുള്ളൂ. ചെലവു കൂടുതലാണെങ്കിൽ അതു മറ്റു മാർഗങ്ങളിലൂടെ സമാഹരിക്കണം.

iv –مؤلّفة القلوب– – മനസ്സിണക്കപ്പെടുന്നവർ. تأليف (ഇണക്കൽ, രഞ്ജിപ്പിക്കൽ)ൽനിന്നുള്ളതാണ് مؤلّفة സുഹൃത്ത്, ചങ്ങാതി എന്ന അർഥത്തിൽ اليف എന്നു പറയും. إلفة സൗഹൃദവും ചങ്ങാത്തവുമാണ്. മാനുഷിക സ്നേഹത്തിനും സൗഹാർദപരമായ ബന്ധത്തിനും പരസ്പര സഹായത്തിനും സഹകരണത്തിനും ഇസ്‌ലാം കൽപിക്കുന്ന പ്രാധാന്യം തെളിയിച്ചു കാട്ടുന്നതാണ് സകാത്തിന്റെ നാലാമത്തെ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ട ഈ വിഭാഗം. ജനങ്ങളോട് പരസ്പരം സ്നേഹിപ്പിൻ, സഹകരിക്കുവിൻ എന്ന് ഉപദേശിച്ചു മതിയാക്കുകയല്ല ഖുർആൻ ചെയ്യുന്നത്; പ്രത്യുത സ്നേഹവും സഹകരണവും പ്രായോഗിക ജീവിതത്തിൽ യാഥാർഥ്യമായിത്തീരുന്നതിനുള്ള നടപടികൾ കൽപിക്കുകയാണ്. മനുഷ്യർ തമ്മിലുള്ള സൗഹാർദബന്ധവും പരസ്പര സഹായവും സ്വയം തന്നെ മഹത്തായ മൂല്യങ്ങളാണ്. ഈ മൂല്യങ്ങൾ എത്രത്തോളം സാക്ഷാത്കരിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ഏതു സമൂഹത്തിന്റെയും സമാധാനപരമായ നിലനിൽപും വികസനവും. ചിലരുടെ കൈവശമുള്ള അധികധനം, ആവശ്യത്തിനു ധനമില്ലാത്തവർക്കു പ്രയോജനപ്പെടുത്തിക്കൊണ്ട് സമൂഹത്തിൽ ക്ഷേമവും സഹകരണവും സ്ഥാപിക്കുകയാണ് സകാത്തിന്റെ മുഖ്യലക്ഷ്യം. സകാത്തിന്റെ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ട വിഭാഗങ്ങളെല്ലാം ഒന്നുകിൽ ദരിദ്രരോ അല്ലെങ്കിൽ ഇസ്‌ലാമിന്റെയും മുസ്‌ലിം സമുദായത്തിന്റെയും നിസ്വാർഥ സേവകരോ ആണെന്നു കാണാം - ഈയൊരു വിഭാഗമൊഴിച്ച്. ഇസ്‌ലാമിനോടും മുസ്‌ലിംകളോടും സൗഹാർദപരവും സഹകരണാത്മകവുമായ മനസ്സ് വളർത്തിയെടുക്കാൻ സാധ്യതയുള്ള അമുസ്‌ലിം സഹോദരന്മാരും, മതത്തിൽ അടിയുറച്ച വിശ്വാസവും കൂറും ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത മുസ്‌ലിംകളുമാണ് മനസ്സിണക്കപ്പെടുന്നവർ - مؤلّفة القلوب - എന്ന ഈ വിഭാഗം. ഈ വിഭാഗവുമായി സൗഹാർദവും സഹകരണവും സ്ഥാപിക്കുന്നതിന് രാഷ്ട്രീയവും സാമൂഹികവുമായ ചില മാനങ്ങളുമുണ്ട്. ഇസ്‌ലാമിക സമൂഹത്തിന്റെ സുസ്ഥിതിയും സമാധാനവും പുരോഗതിയും ഉറപ്പാക്കുന്നതിന് ചില സവിശേഷ വ്യക്തികളുടെയും ഗ്രൂപ്പുകളുടെ സൗഹൃദവും സഹകരണവും പ്രത്യേകം ആവശ്യമായി വരാം. അവരും مؤلّفة القلوب ആകുന്നു. അവർ മുസ്‌ലിംകളാവാം, അമുസ്‌ലിംകളുമാവാം. ഇങ്ങനെയുള്ളവർ സമ്പന്നരാണെങ്കിലും സൗഹാർദവും സഹകരണവും ഉറപ്പാക്കുന്നതിനുവേണ്ടി മറ്റു പൊതു മുതലുകളിൽനിന്നെന്നപോലെ സകാത്തിൽനിന്നും ഒരു വിഹിതം നീക്കിവെക്കേണ്ടതാണ്.

مؤلّفة القلوب മനസ്സിണക്കപ്പെടേണ്ടവരെ നിയമപണ്ഡിതന്മാർ ഇങ്ങനെ നിർണയിച്ചിരിക്കുന്നു: 1) ജനങ്ങളിൽ സ്വാധീനമുള്ള ദുർബലവിശ്വാസികളായ നേതാക്കളും പ്രമാണിമാരും. അവരുടെ വിശ്വാസം ഉറപ്പിക്കാനും അവരുടെ സ്വാധീനത്തിലുള്ള ജനങ്ങളെ ഇസ്‌ലാമിലേക്കു നയിക്കാനും ഉപകരിക്കുമെങ്കിൽ സകാത്ത് അടക്കമുള്ള സമ്പത്തിൽനിന്ന് ആനുകൂല്യങ്ങൾ നൽകി ആകർഷിക്കേണ്ടതാണ്. ഇസ്‌ലാമിനോട് അനുഭാവം പുലർത്തുന്ന അമുസ്‌ലിം പ്രമുഖന്മാരുടെ അനുഭാവം വളർത്താനും ഈ മാർഗം അവലംബിക്കാം. മക്കാവിമോചന വേളയിൽ മാപ്പു നൽകപ്പെട്ട ഖുറൈശികൾക്ക് പ്രവാചകൻ അനന്തരം നടന്ന ഹുനൈൻ യുദ്ധത്തെത്തുടർന്ന് ലഭിച്ച സമ്പത്തിൽനിന്ന് നല്ലൊരു ഭാഗം വിതരണം ചെയ്തത് ഈ അടിസ്ഥാനത്തിലായിരുന്നു. അക്കൂട്ടത്തിൽ വിശ്വാസികളായിട്ടില്ലാത്തവരുണ്ടായിരുന്നു. ആദർശം വേണ്ടവണ്ണം ഉൾക്കൊള്ളാതെ ഞങ്ങളും വിശ്വാസികളാണെന്ന് അവകാശപ്പെടുന്നവരുമുണ്ടായിരുന്നു. കപടവിശ്വാസികളുമുണ്ടായിരുന്നു. പ്രവാചകന്റെ ഔദാര്യം പിന്നീട് അവരെ അടിയുറച്ച വിശ്വാസികളും ഇസ്‌ലാമിന്റെ കാവൽഭടന്മാരുമാക്കി മാറ്റുകയായിരുന്നു. അവർ മുഖേന ധാരാളമാളുകൾ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. അത്തരക്കാരിൽ നിന്നുണ്ടാകുമായിരുന്ന പ്രതിവിപ്ലവ പ്രവർത്തനങ്ങൾ ഒഴിവായി എന്നതും സുപ്രധാനമായ മറ്റൊരു നേട്ടമാണ്.

2) അതിർത്തി പ്രദേശത്തു വസിക്കുന്ന മുസ്‌ലിം പ്രമുഖരും ഇസ്‌ലാമിനോട് അനുഭാവം പുലർത്തുന്ന അമുസ്‌ലിം പ്രമുഖരും. അന്നത്തെ സാഹചര്യത്തിൽ ഇസ്‌ലാമിക രാജ്യത്തിന്റെ അതിർത്തി കാവലിൽ ഇവർക്ക് അതിപ്രധാനമായ പങ്കുണ്ടായിരുന്നു. അതിർത്തിക്കപ്പുറത്ത് നടക്കുന്ന സൈനിക നീക്കങ്ങളെക്കുറിച്ച് സർക്കാറിനെ അറിയിക്കേണ്ടതും പെട്ടെന്നുള്ള ആക്രമണങ്ങളുണ്ടാകുമ്പോൾ താൽക്കാലിക പ്രതിരോധം നടത്തേണ്ടതും അവരായിരുന്നു. ഇക്കൂട്ടർ ശത്രുക്കളാൽ വശീകരിക്കപ്പെടുകയും അവരുടെ പക്ഷംചേരുകയും ചെയ്താലുള്ള അപകടം വ്യക്തമാണല്ലോ. ഇസ്‌ലാമിക പ്രബോധനത്തെയും മുസ്‌ലിം സമൂഹത്തെയും സഹായിക്കാൻ സന്നദ്ധതയുള്ള ശത്രുരാജ്യത്തുനിന്നുള്ള മുസ്‌ലിംകളും അമുസ്‌ലിംകളുമായ ആളുകളും ഇക്കൂട്ടത്തിൽ പെടുന്നു.

3) സ്നേഹ സമ്പർക്കവും സാമ്പത്തിക ആനുകൂല്യങ്ങളും ലഭിച്ചാൽ ഇസ്‌ലാം സ്വീകരിക്കാൻ സാധ്യതയുള്ള അമുസ്‌ലിംകൾ. ഈയടിസ്ഥാനത്തിലാണ് സ്വഫ്‌വാൻ ബിൻ ഉമയ്യത്തിന് നബി(സ) മക്കാവിമോചന വേളയിൽ അഭയം നൽകിയത്. അമുസ്‌ലിമായിക്കൊണ്ടുതന്നെ ഹുനൈൻ യുദ്ധത്തിൽ അദ്ദേഹം മുസ്‌ലിം പക്ഷത്ത് ചേരുകയുണ്ടായി. പ്രവാചകൻ അദ്ദേഹത്തിന് ധാരാളം യുദ്ധമുതലുകൾ നൽകി. അതിനു

ശേഷം മുസ്‌ലിം പ്രമുഖരിലൊരാളായിത്തീർന്നു അദ്ദേഹം.

ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അനുഭാവവും സൗഹാർദവുമില്ലെങ്കിലും സാമ്പത്തിക ലാഭമുണ്ടാവുകയാണെങ്കിൽ ദ്രോഹവും ശത്രുതയും വെടിയാൻ സാധ്യതയുള്ള അമുസ്‌ലിംകളും ഇക്കൂട്ടത്തിൽ പെടുന്നു. പ്രവാചകൻ ഹുനൈൻ യുദ്ധമുതലിൽനിന്ന് അന്ന് വിശ്വാസിയായിട്ടില്ലാത്ത അബൂസുഫ്‌യാൻ, ഉയയ്ന ബിൻ ഹിസ്ൻ, അഖ്‌റഅ് ബിൻ ഹാബിസ് തുടങ്ങിയ പ്രമുഖർക്ക് സകാത്ത് വിതരണം ചെയ്തത് ഈയടിസ്ഥാനത്തിലായിരുന്നുവെന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

മനസ്സിണക്കപ്പെടുന്നവരുടെ വിഹിതം പ്രവാചകന്റെ കാലശേഷം ദുർബലപ്പെട്ടിരിക്കുന്നുവെന്നാണ് വലിയൊരു വിഭാഗം പണ്ഡിതന്മാരുടെ നിലപാട്. അവരുടെ ന്യായം ഇതാണ്: പ്രവാചകന്റെ കാലത്ത് ഇസ്‌ലാമിക രാഷ്ട്രം ഭദ്രമായിത്തീരുന്നതിനുമുമ്പ് പ്രതിലോമശക്തികളെ അടക്കിനിർത്താനുള്ള നടപടിയുടെ ഭാഗമായിരുന്നു അവർക്കുള്ള സാമ്പത്തികാനുകൂല്യം. രാഷ്ട്രം ഭദ്രമാവുകയും അതിർത്തി കാവൽ, രാജ്യരക്ഷ, ക്രമസമാധാന പാലനം, നികുതി-സകാത്ത് ശേഖരണങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം രാഷ്ട്രത്തിന്റെ പൂർണ നിയന്ത്രണത്തിലാവുകയും ചെയ്തതോടുകൂടി സർക്കാറിന് ഏതെങ്കിലും പ്രത്യേക വ്യക്തികളുടെയോ ഗ്രൂപ്പുകളുടെയോ സഹായം ആവശ്യമില്ലാതായി. അതുകൊണ്ട് ഖലീഫ അബൂബക്കറിന്റെ കാലത്ത് ഉമറിന്റെ നിർദേശപ്രകാരം മുഅല്ലഫതുൽ ഖുലൂബിനുള്ള സാമ്പത്തികാനുകൂല്യം എന്നെന്നേക്കുമായി നിർത്തൽ ചെയ്തു. പിന്നീട് ഉമർ, ഉസ്മാൻ, അലി(റ) എന്നീ ഖലീഫമാരിലാരും മുഅല്ലഫതുൽ ഖുലൂബിന് സാമ്പത്തികാനുകൂല്യം നൽകിയിട്ടില്ല. മുഅല്ലഫതു ഖുലൂബിന് വിഹിതം നിശ്ചയിച്ചതിന്റെ കാരണം അപ്രസക്തമായതിനാൽ പ്രസ്തുത വിഹിതവും അപ്രസക്തമായിരിക്കുന്നു. ഈ വിഹിതം ദുർബല(منسوخ)പ്പെട്ടിരിക്കുന്നുവെന്നാണ് ചിലർ പറയുന്നത്. അവിശ്വാസിയല്ലാത്ത മുഅല്ലഫതു ഖുലൂബിന്റെ വിഹിതം നിലനിൽക്കുന്നുവെന്നാണ് ഇമാം ശാഫിഈയുടെ നിലപാട്.

ഇസ്‌ലാമിക സമൂഹത്തിൽ സകാത്ത് ശേഖരണവും വിതരണവും ഇസ്‌ലാമിക ഗവൺമെന്റ് നേരിട്ട് കൈകാര്യം ചെയ്തിരുന്ന പഴയ പശ്ചാത്തലം മുന്നിൽ വെച്ചുകൊണ്ടുള്ളതാണ് ഈ നിലപാടുകളെല്ലാം. എന്നാൽ ഇന്നത്തെ സാഹചര്യത്തിലും അമുസ്‌ലിം പൗരന്മാരുൾക്കൊള്ളുന്ന ഇസ്‌ലാമിക രാഷ്ട്രത്തിൽപോലും മുഅല്ലഫതു ഖുലൂബ് എന്ന ആശയം പ്രസക്തമാകുന്നു എന്നതാണ് വാസ്തവം. ബഹുമത ജനാധിപത്യ രാജ്യങ്ങളിൽ അതിന്റെ പ്രാധാന്യം പണ്ടത്തെക്കാൾ വളരെ ഏറെയാണ്. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ മുസ്‌ലിംകളും ഇതര മതവിഭാഗങ്ങളും തമ്മിൽ സൗഹാർദവും സഹകരണവും നിലനിൽക്കേണ്ടത് രാജ്യത്തിന്റെ ഭദ്രതക്കും സമാധാനപരമായ പുരോഗതിക്കും അനിവാര്യമാകുന്നു. മതങ്ങൾ തമ്മിലുള്ള സംഘർഷം മുസ്‌ലിംകളുടെ മതജീവിതത്തെ പ്രതികൂലമായി ബാധിക്കും. അവരുടെ നിർബന്ധ ബാധ്യതയായ സത്യസാക്ഷ്യം അസാധ്യമാക്കുകയും ചെയ്യും. കൂടാതെ കൂടുതൽ പ്രബലമായ മതവിഭാഗങ്ങളുടെ ആക്രമണങ്ങൾക്ക് അവർ വിധേയരായിക്കൊണ്ടിരിക്കുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളിൽ മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള സൗഹാർദപരമായ സഹവർത്തിത്വം ശക്തിപ്പെടുത്തുന്നതിനെക്കൂടി ഉൾക്കൊള്ളുന്നതാണ് مؤلفة القلوب – മനസ്സിണക്കപ്പെടുന്നവർ- എന്ന ഖുർആനിക പ്രയോഗം. അത് പ്രവാചക കാലഘട്ടത്തോടെ ദുർബലപ്പെട്ടുവെന്ന് വിധിക്കുന്നത് ഖുർആൻ അനുശാസിക്കുന്ന മഹത്തായ മൂല്യത്തെ അവഗണിക്കലായിരിക്കും.

നബി(സ) സകാത്തിൽനിന്നും മറ്റു വരുമാനങ്ങളിൽനിന്നും മുഅല്ലഫതു ഖുലൂബിന് ഉദാരമായി നൽകിയത് ഒന്നാമതായി ഈ മൂല്യങ്ങൾ സംരക്ഷിക്കാനായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അവർക്കുള്ള തന്റെ ദാനധർമങ്ങളുടെ ലക്ഷ്യം രാഷ്ട്രീയമോ ഭരണപരമോ ആയ ഏതെങ്കിലും താൽപര്യമാണെന്ന് പ്രവാചകൻ പറഞ്ഞിട്ടില്ല. അതുവഴി രാഷ്ട്രീയവും ഭരണപരവുമായ താൽപര്യങ്ങൾ സംരക്ഷിക്കപ്പെട്ടുവെങ്കിൽ അത് അതിന്റെ ഒരു ഫലമാണ്. തീർച്ചയായും ആ ഫലവും പ്രവാചകൻ ഉദ്ദേശിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ സ്വയം തന്നെ ഒരു മൂല്യമായ സൗഹാർദപരമായ സഹവർത്തിത്വം എന്ന ലക്ഷ്യത്തെ അതൊരിക്കലും നിഷേധിക്കുന്നില്ല. പക്ഷേ, രാഷ്ട്രീയവും ഭരണപരവുമായ ചില താൽപര്യങ്ങളെ മാത്രം മുഅല്ലഫതു ഖുലൂബിനുള്ള വിഹിതത്തിന്റെ ലക്ഷ്യമായി കാണുകയും, ആ ലക്ഷ്യം അപ്രസക്തമായി എന്നു കണ്ടപ്പോൾ പ്രസ്തുത വിഹിതം ദുർബലപ്പെട്ടതായി വിധിക്കുകയുമാണ് ചില കർമശാസ്ത്രകാരന്മാർ ചെയ്തത്. ജനങ്ങളുമായി സൗഹാർദവും സഹകരണവും സ്ഥാപിക്കാനുള്ള ഒരു ഉപാധി എന്നനിലയിൽ മുഅല്ലഫതു ഖുലൂബിന്റെ വിഹിതം എക്കാലത്തും പ്രസക്തമാണ്; നമ്മുടേതു പോലുള്ള സംഘർഷഭരിതമായ ബഹുമത സമൂഹത്തിൽ വിശേഷിച്ചും. പ്രവാചകന്റെ കാലത്ത് രാഷ്ട്രീയമായി പ്രസക്തരായിരുന്ന ചിലർ പ്രവാചകന്റെ കാലശേഷം അപ്രസക്തരായപ്പോൾ ഉമർ അവർക്ക് ആ വകയിലുള്ള സാമ്പത്തികാനുകൂല്യങ്ങൾ നിഷേധിച്ചുവെന്നത്, ഇനിയൊരിക്കലും ഒരു തലത്തിലുള്ള മുഅല്ലഫതു ഖുലൂബും ഉണ്ടാവുകയില്ല എന്നതിനു തെളിവാകുന്നില്ല.

v. അടിമമോചനം. وَفِى ٱلرِّقَابِ എന്നാണ് മൂലവാക്ക്. പിരടികളിൽ എന്നാണതിന്റെ ഭാഷാർഥം. പിരടികളെ സ്വതന്ത്രമാക്കുന്നതിന് ഉപയോഗിക്കുക എന്നു പ്രയോഗാർഥം. رقبة എന്നാണ് رقابന്റെ ഏകവചനം. فك رقبة എന്നാൽ അടിമമോചനം. പിരടി ബന്ധിക്കപ്പെട്ടവർ എന്ന ആശയത്തിലാണ് അടിമയെ സൂചിപ്പിക്കാൻ رقبة എന്നുപയോഗിക്കുന്നത്. അടിമകളെ വിലയ്ക്കു വാങ്ങി മോചിപ്പിക്കാനും സ്വാതന്ത്ര്യത്തിനുവേണ്ടി ഉടമയുമായി കരാറെഴുതിയ അടിമകളെ സഹായിക്കാനും സകാത്തിൽനിന്നുള്ള ഈ വിഹിതം ഉപയോഗിക്കാം. അടിമകൾ ഇല്ലാത്ത അവസ്ഥയിൽ ഈ വിഹിതം മറ്റ് അവകാശികൾക്ക് ലഭിക്കുന്നു. ഇക്കാലത്ത് അടിമകളോ അടിമത്തമോ എവിടെയും ഇല്ലെന്നാണ് വെപ്പ്. അടിമത്തം എന്ന പേരിൽ അംഗീകൃതമായ സമ്പ്രദായമോ അടിമ വ്യാപാരമോ ഇന്നില്ല എന്നതു ശരിയാണ്. എന്നാൽ മനുഷ്യരെ സ്വതന്ത്ര ജീവിതം തടയപ്പെട്ട് ബന്ധിതരാക്കുന്ന നടപടി പണ്ടത്തെക്കാൾ ക്രൂരമായി ഇക്കാലത്തും നടമാടുന്നുണ്ട്. അക്രമികൾ തട്ടിക്കൊണ്ടുപോയി മോചനദ്രവ്യത്തിനു വേണ്ടി ബന്ധിതരാക്കുന്നവരും രാഷ്ട്രീയകാരണങ്ങളാൽ പിടികൂടപ്പെട്ട് പീഡിപ്പിക്കപ്പെടുന്ന നിരപരാധികളും അക്കൂട്ടത്തിൽ പെടുന്നു. അടിമകൾ എന്ന പേരിൽ അറിയപ്പെടുന്നില്ലെങ്കിലും അവശതയും അധഃസ്ഥിതിയും മൂലം ഫലത്തിൽ പ്രബലരായ മേലാളന്മാരുടെ അടിമകളായി കഴിയേണ്ടിവരുന്ന ജനവിഭാഗങ്ങളും ധാരാളമുണ്ട്. وَفِى ٱلرِّقَابِ എന്ന ഖുർആനിക പ്രയോഗത്തിന്റെ വിശാലമായ അർഥം പരിഗണിക്കുമ്പോൾ, അടിമകളില്ലാത്ത സാഹചര്യത്തിൽ ഇപ്പറഞ്ഞവരുടെയെല്ലാം വിമോചനവും ഈ വിഹിതത്തിന്റെ പരിധിയിൽ പെടുന്നു.

vi. കടത്തിൽ കുടുങ്ങിയവർ- الغارمين. ആസ്തിയിൽ കവിഞ്ഞ കടബാധ്യതയിലകപ്പെടുന്നവരാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടവർ. കടബാധ്യതയുണ്ടായത് അധാർമിക

പ്രവർത്തനംകൊണ്ടോ ധൂർത്തജീവിതംകൊണ്ടോ ആയിരിക്കരുതെന്ന് ഫുഖഹാക്കൾ ഉപാധി നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരക്കാരും അതിൽനിന്നൊക്കെ പശ്ചാത്തപിച്ചു മടങ്ങി-തൗബ-യിട്ടുണ്ടെങ്കിൽ സകാത്തിനർഹരാകും. പരസ്പര ബന്ധം നന്നാക്കുന്നതിനുവേണ്ടിയോ മറ്റുള്ളവരെ സഹായിക്കുന്നതിനുവേണ്ടിയോ നടത്തിയ പ്രവർത്തനങ്ങളെത്തുടർന്ന് അല്ലെങ്കിൽ ജനസേവനപ്രവർത്തനങ്ങൾ നിർവഹിച്ചതിന്റെയോ ജനക്ഷേമകരമായ സ്ഥാപനങ്ങളേർപ്പെടുത്തിയതിന്റെയോ പേരിൽ വന്നുചേരുന്ന കടഭാരമാണ് ഇതുകൊണ്ട് മുഖ്യമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഉദാ: രണ്ടു കുടുംബങ്ങൾ അല്ലെങ്കിൽ ഗോത്രങ്ങൾ തമ്മിലുള്ള സംഘർഷം. അതൊരു രക്തരൂഷിതമായ സംഘട്ടനത്തിലേക്കു നീങ്ങാതിരിക്കാൻ ഏതെങ്കിലും ഒരു വിഭാഗത്തിനു വേണ്ടി ഒരു വൻതുകയുടെ ബാധ്യത ഏറ്റെടുക്കണം. ഒരാൾ അത് ഏറ്റെടുക്കുന്നു. അയാൾ غارم ആകുന്നു. മറ്റൊരു ഉദാഹരണം കൊലക്കേസിൽ പ്രതിയായ ഒരാൾക്ക് വൻതുക നഷ്ടപരിഹാരം വിധിക്കപ്പെട്ടു. അയാളുടെ മുഴുവൻ സ്വത്തു വിറ്റാലും അത്രയും തുക സമാഹരിക്കാനാവില്ല. ഇയാളും غارم ആകുന്നു. ഇയാൾക്കുവേണ്ടി ആ ബാധ്യത മറ്റൊരാൾ ഏറ്റെടുക്കുന്നുവെങ്കിൽ അയാളും غارم ആകുന്നു. റോഡ് നിർമാണം, സ്കൂൾ നിർമാണം തുടങ്ങിയ ജനക്ഷേമ സംരംഭങ്ങൾ നടത്തിയതുമൂലം കടത്തിൽ മുങ്ങിപ്പോകുന്നവരാണ് മറ്റൊരു വിഭാഗം غارمون. ഇവരൊക്കെയും സകാത്തു ഫണ്ടിൽനിന്നുള്ള സഹായമർഹിക്കുന്നു.

vii. فِى سَبِيلِ ٱللَّهِ. ദൈവിക മാർഗത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കും വേണ്ടി എന്നാണ് താൽപര്യം. വിശുദ്ധ ഖുർആൻ ജിഹാദിനോട് ചേർത്താണ് ഫീസബീലില്ലാഹ് അധികവും ഉപയോഗിച്ചിട്ടുള്ളത്. സായുധ സമരം മുതൽ ആത്മസംസ്കരണം വരെയുള്ള പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്ന പദമാണ് ജിഹാദ്. അല്ലാഹുവിന്റെ പ്രീതിയും പാരത്രിക പ്രതിഫലവും പ്രതീക്ഷിക്കാവുന്ന എല്ലാ മാർഗങ്ങളും ഫീസബീലില്ലാഹിയുമാണ്. ആ നിലക്ക് ദീനീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട എല്ലാവരും ഈ വിഹിതത്തിന് അർഹരാകുന്നു. ഖുർആൻ പലപ്പോഴും സായുധ സമരം ഉദ്ദേശിച്ചുകൊണ്ട് ഫീസബീലില്ലാഹിയിൽ ജിഹാദ് ചെയ്യുക എന്ന് കൽപിക്കുന്നുണ്ട്. അതിനെ ആസ്പദമാക്കി ഫീസബീലില്ലാഹിയുടെ വിഹിതത്തിനർഹരാകുന്നത്, വ്യവസ്ഥാപിതമായ വേതനമില്ലാതെ ഇസ്‌ലാമിനു വേണ്ടി ആയുധമെടുത്തു പോരാടുന്ന സൈനികരാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഫീസബീലില്ലാഹിയുടെ വിഹിതത്തിനവകാശികൾ ഹാജിമാരും ഉംറ തീർഥാടകരുമാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. ഹാജിമാരും ഉംറക്കാരും ഈ വിഹിതത്തിനർഹരല്ല എന്ന വീക്ഷണമാണ് കൂടുതൽ പ്രബലം. കാരണം ഹജ്ജും ഉംറയും സ്വന്തംനിലയിൽ അതിനു കഴിവുള്ളവരോട് മാത്രം കൽപിച്ചിട്ടുള്ള ഇബാദത്തുകളാണ്. നമസ്കാരാദി നിർബന്ധ ബാധ്യതകളായി നിശ്ചയിക്കപ്പെട്ടതല്ലാത്ത ദീനീ പ്രവർത്തനങ്ങളിൽ വ്യവസ്ഥാപിതമായ വേതനമില്ലാതെ ഏർപ്പെടുന്നവരെല്ലാം അവർ സമ്പന്നരാണെങ്കിലും ഫീസബീലില്ലാഹിയുടെ വിഹിതത്തിന് അർഹരാകുന്നു എന്ന നിലപാടാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. സമ്പന്നരല്ലെങ്കിൽ വ്യവസ്ഥാപിതമായ വേതനം പറ്റുന്നുണ്ടെങ്കിലും ഫുഖറാഅ്-മസാകീൻ എന്ന വകുപ്പിൽ അവർ സകാത്തിന് അർഹരാകുന്നു.

viii. സഞ്ചാരികൾ. വഴിയുടെ പുത്രൻ എന്ന് ഭാഷാർഥമുള്ള ٱبْنَ ٱلسَّبِيلِ എന്ന വാക്കാണ് മൂലത്തിൽ ഉപയോഗിച്ചിട്ടുള്ളത്. സകാത്തിന്റെ വിഹിതത്തിനർഹരായ ഇബ്നു സബീലിനെ ഫുഖഹാക്കൾ നിർവചിച്ചിട്ടുള്ളതിങ്ങനെയാണ്: യാത്രമൂലം സ്വദേശത്തുനിന്നകലുകയും അവിടെ സ്വത്ത് ഉണ്ടെങ്കിൽപോലും പരദേശത്ത് പ്രയോജനപ്പെടുത്താനാവാത്ത അവസ്ഥയിലാവുകയും ചെയ്ത സഞ്ചാരി. അവരുടെ യാത്ര നിയമവിരുദ്ധമായോ അധാർമികമോ ആയിരിക്കരുതെന്ന് വ്യവസ്ഥയുണ്ട്. ഇത്തരക്കാർ സ്വദേശത്ത് സമ്പന്നരായിരിക്കുമെങ്കിലും എത്തിപ്പെട്ട നാട്ടിൽ ഫഖീറുകളായിരിക്കും. നാടുംവീടും നഷ്ടപ്പെട്ട പലായകരെയും അഭയാർഥികളെയും വഴിയാധാരമായവരെയും എല്ലാം ٱبْنَ ٱلسَّبِيلِ- വഴിയുടെ പുത്രൻ -എന്ന പ്രയോഗം ഉൾക്കൊള്ളുന്നുണ്ട്.

സകാത്തിന്റെ അവകാശികളെ അല്ലാഹു നേരിട്ട് നിർണയിച്ചു തന്നിരിക്കുന്നു. ഇനി ആർക്കും അത് പുനർ നിർണയിക്കാനോ ഭേദഗതി ചെയ്യാനോ അധികാരമില്ല. ഇതാണ് فَرِيضَةً مِّنَ ٱللَّهِ എന്ന വാക്യത്തിന്റെ താൽപര്യം. തന്റെ ദാസന്മാരുടെ ഉത്തമ താൽപര്യങ്ങൾ അല്ലാഹുവിന് നന്നായറിയാം. ആ താൽപര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ നിയമവ്യവസ്ഥകളെക്കുറിച്ച് അഭിജ്ഞനുമാണവൻ - وَٱللَّهُ عَلِيمٌ حَكِيمٌ. ■